بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

*In the Name of Allah, Most Gracious, Ever Merciful*

# THE COMING OF A KHALEEFATHULLAH-I

# ഖലീഫത്തുല്ലായുടെ ആഗമനം : വാഗ്ദത്ത മസീഹ് (അ) ന്റെ അദ്ധ്യാപനങ്ങൾ

***ഞാൻ ഭൂമിയിൽ ഒരു 'ഖലീഫ'യെ നിശ്ചയിക്കാൻ പോവുകയാണ് (2:31)***

**"എപ്പോഴെങ്കിലും നിങ്ങളുടെ അടുക്കൽ എന്നിൽ നിന്നുള്ള മാർഗ്ഗ ദർശനം വരികയാണെങ്കിൽ, അപ്പോൾ ആർ എന്റെ മാർഗ്ഗ ദർശനത്തെ പിൻതുടരുന്നുവോ അവർക്ക് (ഭാവിയെപ്പറ്റി) യാതൊരു ഭയവും ഉാകുന്നതല്ല., അവർ (കഴിഞ്ഞതിനെപ്പറ്റി) വ്യസനിക്കുന്നതുമല്ല."** (2:39)

ഈ ഖുർ– ആനിക വചനങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ, ഒരു ഖലീഫത്തുല്ലായുടെ വരവ് അല്ലാഹുവിൽ നിന്നുള്ള ഒരനുഗ്രഹമാകുന്നു.

അല്ലാഹു (ത) പ്രവാചകൻമാരെ സന്മാർഗ്ഗദർശിനികളായി അവതരിപ്പിക്കാൻ തുടങ്ങിയത് മനുഷ്യ മനസ് പക്വതയുടെ പടികൾ ചവിട്ടിത്തുടങ്ങിയ കാലം മുതൽക്കാണ്. ദിവ്യകാരുണ്യത്തിന്റെയും ദൈവീക അനുഗ്രഹങ്ങളുടെയും വലിയ കവാടങ്ങൾ പ്രവാചകൻമാരുടെ ആഗമനത്തോടെ മലർക്കെ തുറക്കപ്പെടുന്നു. പിന്നീട് ഈ പ്രവാചകൻമാരുടെ കാലശേഷം, അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മറ്റൊരു അവതരത്തിലൂടെ അല്ലാഹു (ത) ലോകത്തെ അനുഗ്രഹിക്കുന്നു: ഭക്തദാസർക്കുമുന്നിൽ അവതരിക്കുന്ന മുജദ്ദിദുമാർ, പരിഷ്ക്കർത്താക്കൾ, മതപുനരുദ്ധാരകർ , മിശിഹാമാർ, അല്ലാഹുവിന്റെ ഖലീഫമാർ മുതലായവർ ദിവ്യാനുഗ്രഹത്തിന്റെ രാംപ്രഭാവത്തെ പ്രതിനിധീകരിക്കുന്നു.

" ഞാൻ ഭൂമിയിൽ ഒരു 'ഖലീഫ'യെ നിശ്ചയിക്കാൻ പോവുകയാണ് എന്ന വചനത്തിലൂടെ ഖലീഫത്തുല്ലായെ (അല്ലാഹുവിന്റെ ഖലീഫയെ) അല്ലാഹു (ത) നേരിട്ട്നിയമിക്കുന്നതാണെന്ന് വ്യകതമാക്കുന്നു., ജനങ്ങൾ വോട്ട്ചെയ്ത് തെരഞ്ഞെടുക്കുന്ന. ഒരുഖലീഫയല്ല ഇത്. ഒരു മന്ത്രിയേയൊ, പാർലമെന്റ് അംഗത്തേയൊ വോട്ടെണ്ണി തെരഞ്ഞെടുക്കുന്നതുപോലെയും അല്ല. ഒരു ഖലീഫത്തുല്ലായുടെ സ്ഥാനം വളരെ സവിശേഷതയേറിയതാണ്. എന്തുകൊ്? എന്തുകൊന്നൊൽ, അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നത് ജനങ്ങളല്ല, മറിച്ച് ദൈവംതന്നെ തെരഞ്ഞെടുത്ത്, അദ്ദേഹത്തിന് മഹത്വം നല്കുകയാണ് ചെയ്യുന്നത്. ബൗദ്ധീകവും ആത്മീയവുമായ നിലകളിൽ അല്ലാഹു (ത) ഖലീഫത്തുല്ലായെ പ്രത്യേകമായി അനുഗ്രഹിക്കുന്നു. എന്നുമാത്രമല്ല, ഏറ്റവും ഉദാത്തമായ ധാർമ്മികഗുണങ്ങൾ, സ്ഥാനഗരിമയിലൂടെ, അദ്ദേഹത്തിൽ ദൃശ്യമാകും. മുഹമ്മദ് മുസ്തഫാതിരുമേനി (സ) യുടെ സമുദായത്തിന്, ഖലീഫത്തുല്ലായുടെ ആഗമനം അനുഗ്രഹവർഷത്തിന് കാരണമാകുന്നത്, ഈ സവിശേഷതകൾ മൂലമാണ്.

ഇസ്ലാം വേദനാജനകവും ബുദ്ധിമുട്ടേറിയതുമായ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ കാലത്ത് ഒരു ഖലീഫത്തുല്ലായുടെ അവതരണത്തിലൂടെ ആത്മീയ വിപ്ലവം സൃഷ്ടിക്കാൻ, ദൈവംതമ്പുരാൻ ഉദ്ദേശിക്കുന്നു. ഇസ്ലാമിക അദ്ധ്യാപനങ്ങളെ ചവിട്ടിമെതിക്കുകയും, പ്രതിരോധിക്കാൻ ബാദ്ധ്യതയുള്ളവർതന്നെ പ്രശ്നകാരികളാകുകയും, മുസ്ലീങ്ങൾ എന്നുവിളിക്കപ്പെടുന്നവർ വെറും നാമധാരികൾ മാത്രമാവുകയും ചെയ്തിരിക്കുന്ന ഇക്കാലത്ത് പ്രശ്നങ്ങൾ മറനീക്കി പുറത്ത് വന്നിരിക്കുന്നു.

നമുക്ക് അഹ്മദിയ്യ ജമാഅത്ത് സ്ഥാപകരായ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ) എന്തു മാർഗ്ഗദർശനമാണ് നൽകിയത്എന്ന് നോക്കുക 'ശഹാദത്തുൽ ഖുർ ആൻ' എന്ന പുസ്തകത്തിൽ (പേജ് 48–60) വാഗ്ദത്ത മസീഹ് (അ) ഇങ്ങനെ പറഞ്ഞു: 'ഖുദ്റത്തെ സാനിയ' ശാശ്വതമായി നിലകൊള്ളും, അന്ത്യ വിധിനാൾ വരെ അതുതുടരും. വാഗദത്ത മസീഹ് (അ) പ്രയോഗിച്ച 'ഖുദ്റത്തെ സാനിയ' എന്ന പ്രയോഗം ഖിലാഫത്തിനെക്കുറിച്ചുള്ളതാണ്. വാഗദത്ത മസീഹ് (അ)ന്റെ വീക്ഷണത്തിൽ, ഖിലാഫത്ത് കൊർത്ഥമാക്കുന്നത് 'ഖിലാഫത്തെ റസൂൽ' (ദൂതരെ പിന്തുടരുന്ന ഖലീഫമാർ) മാത്രമല്ല., അതിൽ മുജദ്ദിദ്മാരും ഉൾപ്പെടുന്നു. വാഗദ്ദത്ത മസീഹ്(അ) വിശ്വസിച്ചിരുന്നത് 'ഖിലാഫത്ത്' എന്നാൽ റസൂൽ തിരുമേനിയുടെ കാലശേഷം നിലവിൽവന്ന സച്ചരിതരായ നാല് ഖലീഫമാരുടെ മാതൃകയും ഉൾപ്പെട്ടിരുന്നുവെന്നാണ്. അന്ത്യ വിധിനാൾ വരെ ഖിലാഫത്ത് നിലനിൽക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നുവെന്നും. വാഗദത്ത മസീഹ് (അ) വിശ്വസിച്ചിരുന്നു.

അതുകൊ്, 'അഹ്മദീയ ഖിലാഫത്ത്' എക്കാലത്തേക്കും നിലകൊള്ളുമെന്ന് വാഗ്ദത്ത മസീഹ് (അ) അദ്ദേഹത്തിന്റെ പുസ്തകങ്ങളിലൂടെ വിളമ്പരപ്പെടുത്തിയിട്ടില്ല ശാശ്വതമായി നിലനിൽക്കുമെന്ന് വാഗ്ദത്ത മസീഹ് (അ) പ്രഖ്യാപിച്ചത് രുകാര്യങ്ങളാണ്: 1. 'ഖുദ്റത്തെ സാനിയ' 2. ഇസ്ലാമിക ഖിലാഫത്ത്.

'ഖുദ്റത്തെ സാനിയ' യിൽ ഖിലാഫത്ത് ഉൾപ്പെടുന്നു. എന്നാൽ അത സൂചിപ്പിക്കുന്നത് അഹമദീയ ഖിലാഫത്ത് മാത്രമല്ല. ഏന്തുകൊണ്ടെന്നാൽ വാഗ്ദത്ത മസീഹ് (അ) തന്റെ 'അൽ വസിയത്ത്' എന്ന ഗ്രന്ഥത്തിൽ ' ഖുദ്റത്തി' നെ ഉപമിച്ചത് ഹസ്രത്ത് അബൂബക്കർ സിദ്ദീഖ് (റ) ന്റെ നേതൃത്വത്തിൽ നിലവിൽ വന്ന ' ഖുദ്റത്തി' നോടാണ്. ചുരുക്കത്തിൽ 'ഖുദ്റത്തെ സാനിയ' യെ ഇസ്ലാമിക ഖിലാഫത്തിനോട് താരതമ്യപ്പെടുത്താം

(2) 'ഇസ്ലാമിക ഖിലാഫത്തിൽ' പ്രവാചകൻമാരുടെ ഖലീഫമാരും, മുജദ്ദിദുമാരും, മസീഹ്മാരും, ഖലീഫത്തുല്ലമാരും ഉൾപ്പെടുന്നു.

വാഗ്ദത്ത മസീഹ് (അ) ന്റെ കാലത്ത്, ഒരാൾ അദ്ദേഹത്തോട് ചോദിക്കുകയുായി : " അങ്ങയുടെ കാലശേഷം ഒരു മുജദ്ദിദ് വരുമോ?" വാഗ്ദത്ത മസീഹ് (അ) പറഞ്ഞു : " എനിക്ക് ശേഷം ഒരുമുജദ്ദിദ് വരുന്നതിൽ എന്താണ് തെറ്റ്?" ' മൂസാനബി (അ) യുടെ പ്രവാചകത്വ പരമ്പര അവസാനിച്ചു പോയി. അതു കൊ ാണ് ഈസാനബി (അ) യോടെ ആ പരമ്പര നിലച്ചത്. എന്നാൽ, പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ) യുടെ പ്രവാചകസന്ദേശം അന്ത്യവിധിനാൾവരേക്കും ഉള്ളതാണ്. അതുകൊുതന്നെ അന്ത്യനാൾവരെ മുജദ്ദിദുമാർ വന്നുകൊയേിരിക്കും. എന്നും ഹസ്രത്ത് അഹമ്മദ് (അ) ചൂിക്കാട്ടി

" അന്ത്യവിധിനാൾ അതിന്റെ നാശം മാറ്റിനിർത്തുംകാലം , മറ്റൊരാൾ വരുന്നതിൽ അസാംഗത്യം ഒന്നുമില്ല. നല്ലവരും ദൈവഭക്തരും ആയ മഹാത്മാക്കൾ ഇനിയും വന്നുകൊയേിരിക്കും എന്നകാര്യം നമ്മൾ ഒരുതരത്തിലും നിഷേധിക്കുന്നില്ല. അതിന്ശേഷം, അന്ത്യവിധിനാൾ അപ്രതിക്ഷിതമായി വന്നെത്തും" (മൽഫൂസാത്ത്, വാല്യം 7. പേജ് 119)

തന്റെ 'ഷഹാദത്തുൽ ഖുർ ആൻ എന്ന പുസ്തകത്തിൽ, വാഗ്ദത്ത മസീഹ് (അ) ഇങ്ങനെ എഴുതി : "ഓരോ കാലഘട്ടത്തിലും ഇസ്ലാം മതത്തിന്റെ സജീവതയുടെ പരിപൂർണ്ണ തെളിവുകൾ പൂർത്തിയാകുന്നത് വിവിധതരത്തിലാണ്. ഓരോകാലത്തും ഉടലെടുക്കുന്ന തിൻമകളും തെറ്റുകളും വിപാടനം ചെയ്യാൻ ആവശ്യമായ ഗുണങ്ങളും കഴിവുകളും ശക്തിയുമായി ആകാലഘട്ടത്തിലേക്ക് ഒരു മുജദ്ദിദ് അയക്കപ്പെടുന്നു. ദൈവം, അവനുദ്ദേശിക്കുന്ന കാലത്തോളം ഈ പ്രവൃത്തി തുടർന്നുകൊയേിരിക്കും. ദൈവഭക്തിയും മതപരിഷ്കരണവും ഈ ലോകത്ത് നിലനിൽക്കണമെന്ന് അല്ലാഹു (ത) ആഗ്രഹിക്കുവോളംകാലം ഇതു തുടരും. തെളിവുകൾ ഇല്ലാത്ത കാര്യങ്ങളല്ല ഇതൊന്നും മറിച്ച് ചരിത്രം ഇതിന് സ്ക്ഷിയാണ് ." (ഷഹാദത്തുൽ ഖുർ ആൻ പേജ് 46)

മറ്റൊരു കാര്യം " അലിഫ്– ലാം– റാഅ്" എന്ന വചനത്തിലെ റാഅ് സൂചിപ്പിക്കുന്നത്, മുജദ്ദിദ്മാരും മറ്റ് ദൈവീക മനുഷ്യരും എല്ലാകാലത്തേക്കും ഉള്ള പ്രതിഭാസമാണ് എന്നാണ്. അത് അന്ത്യവിധിനാൾ എത്തുംവരെ തുടരുന്നതാണ്. പ്രവാചകപ്രഭുവായ മുഹമ്മദ്നബി (സ)യുടെ അനുചര സംഘത്തിൽപ്പെട്ട മുജദ്ദിദ്മാർകാട്ടുന്ന അത്ഭുതവൃത്തികളും വിജയങ്ങളും നബി(സ) യുടെ തന്നെ നേട്ടങ്ങളിൽപ്പെട്ടതാണ്."

(റൂഹാനി ഖസായിൻ, നംമ്പർ 2, വാല്യം 2 , പേജ് 63)

പ്രീയ സഹോദരൻമാരെ, സഹോദരിമാരെ, വാഗ്ദത്തമസീഹ് (അ) ന്റെ വാക്കുകളിൽ ചിന്തിക്കുക, കാര്യം ഗ്രഹിക്കാൻ ശ്രമിക്കുക. വാഗ്ദത്ത മസീഹ് (അ) പിന്നെയും ചൂിക്കാട്ടിയതുപോലെ, ഒരാഴ്ചക്കുള്ളിൽ ഉപയോഗിക്കുന്ന വസ്ത്രം അഴുക്ക് പുരതാകുന്നു. അത് തീർച്ചയായും കഴുകി വൃത്തിയാക്കേതു്. അതുപോലെ, ഒരുമുഴുവൻ നൂറ്റാും കഴിഞ്ഞുകടന്ന സ്ഥിതിക്ക് മതവിജ്ഞാനങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന ഒരു ഖലീഫത്തുല്ലായുടെ ആവശ്യമില്ലേ? ു്. തീർച്ചയായും ു്. അതുകൊാണ് അല്ലാഹു (ത) എല്ലാ നൂറ്റാിന്റെയും തലയ്ക്കൽ ജനങ്ങളുടെ പരിഷ്കരണത്തിനായി ഒരാളെ അയയ്ക്കും എന്ന ആശയത്തെ സ്ഥാപനവത്കരിച്ചത്.

ഒരിക്കൽ ഒരു സന്ദർശകൻ വാഗ്ദത്ത മസീഹ് (അ) നോട് ചോദിച്ചു: ' എല്ലാ നൂറ്റാിലും ആരെങ്കിലും വരേത് അത്യാവശ്യമാണോ?' വാഗ്ദത്ത മസീഹ് (അ) പ്രതിവചിച്ചു : ' അതെ, എല്ലാ നൂറ്റാിലും ഓരോമുജദ്ദിദ് വരേത് അത്യവശ്യമാണ്.' ആ സന്ദർശകൻ പിന്നെയും ചോദിച്ചു ' എങ്കിൽ , കഴിഞ്ഞ നൂറ്റാിലെ മുജദ്ദിദുമാർ ആരൊക്കെയായിരുന്നു എന്ന് ഞങ്ങൾക്ക് പറഞ്ഞുത്തിക.

വാഗ്ദത്ത മസീഹ് (അ) മറുപടി പറഞ്ഞു : ' മുജദ്ദിദ് മാരുടെ പേര് കത്തെൽ എന്റെ പണിയല്ല 'എല്ലാ നൂറ്റാിലും മുജദ്ദിദ്മാരെ അയക്കും' എന്നുപറഞ്ഞ പ്രവാചകപ്രഭു മുഹമ്മദ് നബി (സ) യോ

ട് ഊ ഈ ചോദ്യം ചോദിക്കുക'.

മുജദ്ദിദ് മാരുടെ ആഗമനത്തെക്കുറിച്ചുള്ള നബിവചനം ഒട്ടുമിക്ക ഹദീസ് പണ്ഡിതരും അംഗീകരിച്ചിട്ടുള്ളതാണെന്ന് ഹസ്രത്ത് അഹ്മദ് (അ) ചൂിക്കാട്ടി. ഷാഹ്വലിയുല്ലാഹ് ദഹ്‌ലവിയും ഈ നിവേദനത്തെ നബി (സ)യുടെ വചനം തന്നെ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടു്. ഇത് , ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതും ഒഴിവാക്കേതാണെന്ന് ആരും അഭിപ്രയപ്പെട്ടിട്ടില്ലാത്തതുമായ, ഹദീസ് ആകുന്നു., ആരും ഇതിനെ ഒഴിവാക്കിയതായും തെളിവില്ല.

ഈ ഹദീസ് വ്യാജമല്ലെന്നും ഇത് സത്യമാണെന്നും ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. എല്ലാ നൂറ്റാിലും മുജദ്ദിദ് വരും എന്നത് പരക്കെഅറിയപ്പെടുന്ന ഒരു കാര്യമാണ്. ഒരു മനുഷ്യശരീരം ഒരു നൂറ്റാിൽ നശിക്കുന്നതുപോലെ ആത്മീയ മരണവും ഒരുനൂറ്റാിൽ സംഭവിക്കുന്നു. ഓരോ നൂറ്റാിന് ശേഷവും ഒരുപുതിയ തലമുറ ജൻമമെടുക്കുന്നു. പുതിയതലമുറയെ പുനരൂജ്ജീവിപ്പിക്കാൻ ഓരോ നൂറ്റാിലും മുജദ്ദിദ്മാരെ അയക്കുക എന്നത് അല്ലാഹുവിന്റെ 'സുന്നത്തി'ൽപ്പെട്ടതാണ്.

വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദ് (അ), തന്റെ 'ഇസാലയെ ഔഹാം' എന്നപുസ്തകത്തിൽ (പേജ് 197)

മിശിഹാമാരുടെ വരവിനായ് വാതിലുകൾ എന്നും തുറന്ന് കിടക്കുമെന്നും ഒരിക്കലും അവഅടയുകയില്ലെന്നും വ്യക്തമാക്കിയിട്ടു്. അദ്ദേഹം പിന്നെയുമെഴുതി: " ഞാനാണ് വാഗ്ദത്ത മസീഹ് എന്നവകാശപ്പെടുന്ന ആൾ; എന്നാൽ വാഗ്ദത്ത മസീഹ്മാരിൽ ആദ്യത്തേയും അവസാനത്തേയും ആൾ ഞാൻ മാത്രമാണ് എന്ന് അവകാശപ്പെടുന്നില്ല. എന്റെ വീക്ഷണത്തിൽ എന്റെ കാലശേഷം പതിനായിരം വാഗ്ദത്ത മസീഹ്മാർ വരും. പക്ഷേ ഈ കാലത്തേക്കുള്ള വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു."

വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റെ, മുകളിൽ ചേർത്തിരിക്കുന്ന പ്രഖ്യാപനം മനസ്സിലാക്കിയശേഷം, ഇസ്ലാമിക ഖിലാഫത്തിനെപ്പറ്റി വാഗ്ദത്ത മസീഹ്(അ) പുലർത്തിയിരുന്ന വിശ്വാസ വീക്ഷണങ്ങളെ തിരുത്തിയെഴുതാൻ ആർക്കും അവകാശമില്ലതന്നെ.

പക്ഷെ, നിർഭാഗ്യവശാൽ, അഹ്മദിയ്യാ ജമാഅത്തിൽപ്പെട്ട ചില വ്യക്തികൾ, പ്രത്യേകിച്ചും മൗറീഷ്യസിൽ, അമീർ എന്നു വിളിക്കപ്പെടുന്ന ആളും അദ്ദേഹത്തിന്റെ മുല്ലാക്കളും –ഖിലാഫത്തിനെപ്പറ്റി തെറ്റായധാരണകൾ പരത്തുകയാണ്. അഹ്മദിയ്യാ ഖിലാഫത്ത് ശാശ്വതമാണെന്നും അവർ അവകാശപ്പെടുന്നു. വാഗ്ദത്ത മസിഹ് (അ)ന്റെ അദ്ധ്യാപനങ്ങൾക്ക് ഘടക വിരുദ്ധമാണ് ഈ വിശ്വാസങ്ങൾ

അഹ്മദികളുടെ വിശ്വാസങ്ങൾക്ക് എന്തുപറ്റി? വാഗ്ദത്ത മസീഹ്(അ)ന്റെ വാക്കുകളിലും പുസ്തകങ്ങളിലും ഉള്ള അവരുടെ വിശ്വാസങ്ങൾ ശരിയോ തെറ്റോ? അവരുടെ വിശ്വാസം ശരിയാണെങ്കിൽ, വാഗ്ദത്തമസീഹ് (അ)ന്റെ ഈ പുസ്തകങ്ങളെ അവർ തിരസ്ക്കരിച്ചതെന്തെ? മുകളിൽ ചേർത്തതൊന്നും എന്റെ വാക്കുകളോ, അഭിപ്രായങ്ങളോ അല്ല. ഞാനും നിങ്ങളും വിശ്വസിക്കുന്ന വാഗ്ദത്ത മസീഹ്(അ)ന്റെ തന്നെ അഭിപ്രായങ്ങളും ചിന്തകളും ആണ് മുകളിൽ ഉദ്ധരിച്ചത്. പക്ഷ, ഈ പാഠങ്ങൾ എല്ലാം എവിടെ പോയ്മറഞ്ഞു.

നിങ്ങൾ വാഗ്ദത്ത മസീഹ്(അ)ന്റെ അദ്ധ്യാപനങ്ങൾ കാറ്റിൽ പറത്തി അഹ്മദികൾ എന്ന് സ്വയം വിളിക്കുന്ന നിങ്ങളോ, ഞാനോ ആരാണ് സത്യ വസ്തുതകൾ പറയുന്നത്? വാഗ്ദത്ത മസീഹ്(അ)ന്റെ വാദഗതികൾ നിങ്ങൾ ശരിക്കും വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ മറുപടി പറയാൻ ബാധ്യസ്ഥരാണ്. സർവ്വശക്തനായ അല്ലാഹു(ത)വിന്റെ മുമ്പിൽ നിങ്ങൾ ഏകനായി ആനയിക്കപ്പെടും, നിങ്ങളോട് ചോദിക്കപ്പെടും (ശുപാർശകരായി ആരും നിങ്ങൾക്കൊപ്പം ഉാവില്ല, അന്നേ ദിവസം) സത്യം നിങ്ങൾക്കായി വെളിവാക്കപ്പെട്ടതിനുശേഷം, അത് മറയ്ക്കാൻ ശ്രമിക്കരുത്. സൃഷ്ടാവിനെ പ്രീതിപ്പെടുത്താൻ ശ്രമിക്കേതിനുപകരം സൃഷ്ടികളെ പൂജിക്കരുത്. അല്ലാഹുവിനെ മാത്രം ഭയപ്പെടുക വ്യക്തികളെ ഭയക്കരുത്. സത്യം തിരിച്ചറിയുന്ന അവസരത്തിൽ സർവ്വശക്തനായ അല്ലാഹു(ത) ഖുർആനിൽ പറയുന്നു,
*'' നിങ്ങൾ അറിയുന്നവരായിരിക്കെ സത്യത്തെ അസത്യമായി കലർത്തുകയും സത്യം മറച്ചുവയ്ക്കുകയും ചെയ്യരുത്''* (2: 43)

അഹ്മദികൾ എന്നു വിളിക്കപ്പെടുന്നവർക്ക് തീർച്ചയായും പറയാം. ഞാനൊരു അഹ്മദിയല്ലെന്ന്. ഞാനൊരു അഹ്മദിയായിരുന്നുവെന്ന് അവർ മുമ്പൊക്കെ വിശ്വസിച്ചുപോന്നു. ഇപ്പോൾ അവർ അങ്ങനെ

വിശ്വസിക്കുന്നില്ല. കാരണം ഒന്നേയുള്ളു " എനിക്ക് അല്ലാഹുവിൻ നിന്ന് വിളിപാട് ലഭിക്കുന്നുവെന്നും ഞാൻ ഖലിഫത്തുല്ലാ ആണെ"ന്നും ഞാൻ പറഞ്ഞിരുന്നു. ഇപ്പോഴും പറഞ്ഞുകൊിരിക്കുന്നു, അവർ എന്റെ വാദഗതികളെ നിരാകരിച്ചു. അവരുടെ അഭിപ്രായത്തിൽ അവർക്കിടയിൽ ഇപ്പോൾ ഒരു ഖലിഫയു ്. അവർ ചോദിക്കുന്നു. "ഒരു ഖലീഫ ഉായിരിക്കെ, അല്ലാഹു താങ്കളെ 'ഖലീഫത്തുല്ലാ' ആയി എങ്ങനെ തെരഞ്ഞെടുക്കും.? അതെങ്ങനെ സാദ്ധ്യമാകും"?

ഉത്തരങ്ങൾ വളരെ ലളിതമാണ്. പരിശുദ്ധ ഖുർ ആൻ വായിക്കുക, നിങ്ങൾ ഉത്തരം കത്തെും, പ്രവാചക പ്രഭു മുഹമ്മദ് നബി(സ)യുടെ തിരുവചനങ്ങൾ പഠിക്കുക, നിങ്ങൾ നിങ്ങളുടെ ഉത്തരങ്ങൾ കത്തെും. നിങ്ങളും ഞാനും വിശ്വസിക്കുന്ന ഹസ്രത്ത് അഹ്മദ്(അ) –അഹ്മദീയ്യാ ജമാഅത്തിന്റെ പരിശുദ്ധ സ്ഥാപകർ–ന്റെ അദ്ധ്യാപനങ്ങളും പഠിക്കുക, നിങ്ങൾക്ക് നിങ്ങളുടെ ഉത്തരങ്ങൾ കത്തൊം.

അഹ്മദിയ്യ ജമാഅത്തിലുള്ള നിങ്ങളുടെയെല്ലാം അഭിപ്രായത്തിൽ, വാഗ്ദത്ത മസീഹ്(അ) ൽ ഉള്ള എന്റെ വിശ്വാസം ഞാനുപേക്ഷിച്ചുവെന്ന് നിങ്ങൾ വിശ്വസിക്കുന്നു. എന്റെ മറുപടി ശ്രദ്ധിച്ചു കേൾക്കുവിൻ, മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കാൻ ശ്രമിക്കുന്ന വിഡ്ഢികളുടെ വാക്കുകൾക്ക് ചെവികൊടുക്കാതിരിക്കുക.

"ഒരാളുടെ ഹൃദയം പിളർക്കാനും അതിലെന്താണെന്നു നോക്കാനോ, അല്ലെങ്കിൽ മറ്റുള്ളവരെക്കൊ് നോക്കിക്കാനോ ഒരു മനുഷ്യനും സാദ്ധ്യമല്ല. ഞാൻ പ്രതിജ്ഞയെ അവലംബമാക്കുന്നു. അല്ലാഹുവാണെ, നിങ്ങളോ മറ്റാരെങ്കിലുമോ എന്റെ മരണശേഷം എന്നോടൊപ്പം ഉാവില്ല, എന്റെ വിശ്വാസവും പ്രവർത്തികളും അല്ലാതെ" സർവ്വജ്ഞനായ അല്ലാഹു(ത)വിന്റെ മുമ്പിൽ ഈ കാര്യം ഹാജരാക്കപ്പെടുമ്പോൾ, മഹോന്നതനും ആകാശ–ഭൂമികളുടെ പരിപാലകനും ആയിട്ടുള്ളവനെ മുൻനിർത്തി, ഞാൻ സത്യംചെയ്തു പ്രസ്താവിക്കും. ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ കാലത്തെ മുജദ്ദിദും ആണെന്നും ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം ദൈവഭക്തനും തിരുനബി(സ)യുടെ ദാസനും, നബി(സ) കൊുവന്ന ശരീഅത്തിന്റെ ആത്മാർത്ഥ സേവകനും ആണെന്ന് ഞാൻ വിശ്വസിക്കുന്നു. സർവ്വശക്തനായ അല്ലാഹുവിൽ നിന്നുലഭ്യമായ ജ്ഞാനവും അറിവും ജനങ്ങൾക്ക് പകർന്നുകൊടുക്കുകയായിരുന്നു അദ്ദേഹം ചെയ്തിരുന്നത്, അദ്ദേഹം പുതുതായി ഒരു ശരിഅത്തും കൊുവന്നില്ല. ഇതാണെന്റെ വിശ്വാസം. ആരെങ്കിലും ഇത് നിരാകരിക്കുകയോ, സ്വീകരിക്കാൻ വിസമ്മിക്കുകയോ, എന്നെ അഹ്മദിമുസ്ലിം അല്ലെന്നു വിളിക്കുകയോ ചെയ്താൽ, അവന്റെ പ്രവർത്തി അല്ലാഹു കാണുന്നു.

വിശുദ്ധ ഖുർആനിലെ ഒരു വചനത്തോടെ ഈ വാക്കുകൾ ആവസാനിപ്പിക്കട്ടെ

***"അല്ലാഹുവിന്റെ മേൽ കള്ളംകെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനേക്കാൾ വലിയ അക്രമി മറ്റാരാണ്? തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കുകയില്ല" (6: 22)***

***ഈ പ്രസംഗം അവസാനിച്ചശേഷം, അല്ലാഹു (ത) എനിക്കുതാഴെ ചേർത്തിരിക്കുന്ന വെളിപാട് ഇറക്കി'***

***"അല്ലാഹുവിനെയും അവന്റെ ദൂതരേയും അനുസരിക്കുക, ജാഗ്രതയോടെയിരിക്കുക, എന്നാൽ, നിങ്ങൾ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ, അറിയുക, വ്യക്തമായ പ്രബോധനം മാത്രമാണ് നമ്മുടെ ദൂതരുടെ ജോലി"***

Friday Sermon of 22 May 2009,
delivered by :
**HAZRAT MUNIR AHMAD AZIM, *Khalifathullah***
Translated by **Fazil Jamal** BAL, LLB, LLM M.Phil

**Issued by** : R. Jamaludin Raother,
Amir, Jamaat Ul Sahih Al Islam, Kerala
9447001832, 0475- 2252530,
E-mail : Jamal.raother@gmail.com